


# ക്ലീവ്‌ലൻഡിലെ മുക്കുറ്റിപ്പാതകൾ

അമേരിക്കൻ യാത്രാനുഭവങ്ങൾ

ഡോ.ടി.എൻ.വാസുദേവൻ

# ക്ലീവ്‌ലൻഡിലെ
# മുക്കുറ്റിപ്പാതകൾ

INSIGHT PUBLICA

Nadakkavu, Kozhikode, Kerala, 673011
www.insightpublica.com
e-mail: insightpublica@gmail.com
Title: **Clevelandile Mukkuttipathakal**
Author: **Dr. T.N. Vasudevan**
(Malayalam Travelogue)
First Edition: March 2022
Copyright © Reserved
All rights reserved.
Published by
InsightinPublica Printers & Publishers Pvt. Ltd.
Printed and bounded in India by
Manipal Technologies Limited, Manipal
ISBN 978-93-5517-081-1
₹ 350

All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the publisher

# ക്ലീവ്‌ലൻഡിലെ മുക്കുറ്റിപ്പാതകൾ

ഡോ.ടി.എൻ.വാസുദേവൻ

INSIGHT PUBLICA®

# വേനൽരാവുകളിലെ അവ്യക്തഗന്ധങ്ങൾ

ഡോ. കെ.എം. അനിൽ

അധ്യാപകൻ, കലാവിമർശകൻ, അനുഷ്ഠാനകലാകാരൻ എന്നീ നിലകളിലെല്ലാം പ്രൊഫ. ടി.എൻ. വാസുദേവനെ നാം മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ ഈ പുസ്തകത്തിലൂടെ അദ്ദേഹത്തെ ഒരെഴുത്തുകാരനായി മനസ്സിലാക്കാനുള്ള അവസരം കൈവന്നിരിക്കുന്നു. ഒരു ഭൗതികശാസ്ത്രാധ്യാപകനെ സംബന്ധിച്ചിടത്തോളം സർഗ്ഗരചന അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവിഭാജ്യഘടകമല്ല. എന്നാൽ വാസുദേവൻമാഷ് അങ്ങിനെയായിരുന്നില്ല. ക്ലാസ് മുറിയിൽ അദ്ദേഹത്തിന്റേത് മികച്ച ശാസ്ത്രാധ്യാപകന്റെ ജീവിതമായിരുന്നു. എന്നാൽ അതിന് പുറത്ത് അദ്ദേഹം സ്വയം പണിത നിരവധി പർണ്ണശാലകളുണ്ടായരിന്നു. അദ്ദേഹത്തിന്റേതുമാത്രമായ ധ്യാനാത്മക സ്ഥലികൾ. അവിടെയിരുന്ന് അദ്ദേഹം ലോകക്ലാസിക്കുകളിലൂടെ ദീർഘവും ഏകാന്തവുമായ സഞ്ചാരങ്ങൾ നടത്തി. കേരളത്തിന്റെ ക്ലാസിക് കലകളെക്കുറിച്ച് പേർത്തും പേർത്തും വിചാരപ്പെട്ടു. ഋതുഭേദങ്ങൾ മണ്ണിലുണ്ടാക്കുന്ന സൂക്ഷ്മമായ ഭാവപ്പകർച്ചകളെ ശരീരംകൊണ്ടറിഞ്ഞു. യന്ത്രങ്ങളുടെ ലോകത്തെ പരമാവധി മാറ്റി നിർത്തിയ ഒരു ശാസ്ത്രാധ്യാപകൻ എന്നത് പുതുകാലത്ത് ഒരൽഭുതമാകാം. ഇത്തരം നിരവധി അൽഭുതങ്ങൾ നിറഞ്ഞ ഒന്നായിരുന്നു പ്രൊഫ. ടി.എൻ.വിയുടെ ജീവിതം. അമേരിക്കൻ യാത്രക്കിടയിൽ കേംബ്രിഡ്ജ് ഗ്രാമത്തിലെത്തിച്ചേർന്നാലും

അവിടെയുള്ള 'മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി' (MIT)യുടെ കാമ്പസ് സന്ദർശിച്ചതും ഈ വിവരണത്തിലുണ്ട്. അതിലൊരിടത്ത് അദ്ദേഹം പറയുന്നു: 'MIT ക്ലാസുമുറികൾ കാണാൻ അധ്യാപകനായ എനിക്ക് സ്വാഭാവികമായും കൗതുകം തോന്നി. ക്ലാസ് മുറികളിൽ നമ്മുടെ നാട്ടിലെപ്പോലെത്തന്നെ ബ്ലാക്ബോർഡ് കണ്ടപ്പോൾ എനിക്ക് സന്തോഷം തോന്നി. ഇന്റർനെറ്റ് വിപ്ലവത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ഇങ്ങനെയുള്ള ചില കാര്യങ്ങൾ നഷ്ടപ്പെട്ടുപോകുമോ എന്ന് ഞാൻ ഭയപ്പെട്ടിരുന്നു. കോളേജ്-യൂണിവേഴ്സിറ്റി തലങ്ങളിൽ ഫിസിക്സ് മാതിരി ഗണിതശാസ്ത്ര പ്രധാനമായൊരു വിഷയം പഠിപ്പിക്കാൻ ഏറ്റവും നല്ല ദൃശ്യമാധ്യമം ബ്ലാക്ക് ബോർഡാണെന്ന് ഞാൻ വിശ്വസിക്കുന്നു. പവർപോയിന്റ് പ്രസന്റേഷൻ സെമിനാറുകൾക്ക് ഉത്തമമാണ്. പക്ഷെ ക്ലാസ്റൂം ഇന്റിമസി എന്നൊരു ഗുണം അതിന്റെ ഊഷ്മളത ബ്ലേക് ബോർഡിനുള്ളത് മറ്റൊന്നിനുമില്ല. വിദ്യാർത്ഥികൾ നോട്ടുബുക്കിലും അധ്യാപകൻ ബ്ലാക്ക് ബോർഡിലും എഴുതുന്ന സമയം നമ്മുടെയെല്ലാം മസ്തിഷ്കത്തിന് വിഷയവുമായി ധാരണയിലെത്താനുള്ള സമയവുമായി നല്ല ബാലൻസിലാണ്. മറ്റൊരു കാര്യം കൂടി പറയട്ടെ, IT ആധുനിക ജീവിതത്തിൽ ആധിപത്യമുറപ്പിച്ചിട്ടും പുസ്തകങ്ങൾ ഇപ്പോഴും ആളുകൾ വാങ്ങുകയും വായിക്കുകയും ചെയ്യുന്നുണ്ട്. ഇലക്ട്രോണിക് മാധ്യമങ്ങൾ വൻതോതിൽ പ്രചരിച്ചിട്ടും നമ്മുടെ പത്രമാധ്യമങ്ങൾക്ക് ചെലവ് ഒട്ടുമേ കുറഞ്ഞിട്ടില്ല... MIT യിലെ ക്ലാസ് മുറികളിൽ Power Point Presentation സംവിധാനങ്ങൾക്കൊപ്പം ബ്ലാക്ക് ബോർഡും സസുഖം വാഴുന്നു എന്നു പറഞ്ഞാൽപ്പോര. ആ ബ്ലാക്ക് ബോർഡിലെല്ലാം നിറയെ ഗണിതസമവാക്യങ്ങൾ എഴുതിയിരിക്കുന്നു. അല്ലെങ്കിലും ഫിസിക്സുകാർക്ക് ദൈവം പറഞ്ഞുവെച്ചിട്ടുള്ളത് രണ്ട് കാര്യങ്ങളാണ് ബ്ലാക്ക് ബോർഡും നീണ്ട നടത്തങ്ങളും" (91-92).

യന്ത്രങ്ങൾകൊണ്ട് മനുഷ്യജീവിതത്തെ പകരംവെക്കാൻ ശ്രമിക്കുന്ന 'അതിസാങ്കേതിക വിദ്യ'യുടെ ഒരു യുഗം പിറന്നിരിക്കുന്നു. പാതി യന്ത്രവും പാതി ജൈവമനുഷ്യനും കലർന്ന ഒരു സങ്കരയിനം 'സൈബോർഗ്'ഗളെപ്പറ്റിയാണല്ലോ നാമിപ്പോൾ ചർച്ചചെയ്യുന്നത്. എന്നാൽ പ്രപഞ്ചരഹസ്യങ്ങൾക്ക് പിന്നാലെ പോകാൻ ശ്രമിച്ച ഈ ശാസ്ത്രാധ്യാപകന് അത്തരം 'മാനവാനന്തര' ലോകത്തോട് രാജിയാകാൻ കഴിയുമായിരുന്നില്ല. മനുഷ്യപ്രകൃതത്തെ അട്ടിമറിക്കുന്നതെന്തും വിധ്വംസകമെന്ന് അദ്ദേഹം വിശ്വസിച്ചു. 'ക്ലീവ് ലാൻഡിൽനിന്നും നയാഗ്രയിലേക്കുള്ള വഴിയിൽ ഒരിടത്ത് മഹാത്മാ ഗാന്ധിയുടെ പ്രതിമസ്ഥാപിച്ചിരിക്കുന്നത് കണ്ടപ്പോൾ സന്തോഷം

തോന്നി' എന്ന വാചകത്തിന്റെ സൂചിതാർത്ഥം ഈ പുസ്തകത്തിൽ പലയിടങ്ങളിയായി ഒളിപ്പിച്ചുവെച്ചിട്ടുണ്ട്. മനുഷ്യപ്രകൃതത്തെ മനുഷ്യശരീരത്തിൽനിന്ന് അന്യവൽക്കരി ക്കുന്നതിനെക്കുറിച്ച് നിരന്തരം ആധിപ്പെട്ടിരുന്ന ചിന്തകനായിരുന്നു ഗാന്ധി.

"പിന്നെ ഞാനാകട്ടെ പബ്ലിക് ട്രാൻസ്പോർട് സിസ്റ്റം കാറിനേക്കാളും ഇഷ്ടപ്പെടുന്നവനുമാണ്. കാർ യാത്രയേക്കാൾ ബസ്സ് യാത്രയും തീവണ്ടിയാത്രയുമാണ് ഓർമ്മനിൽക്കുക. യാത്രക്കിടയിൽ പലമാതിരി ആളുകളെ കണ്ടുമുട്ടാനുള്ള സാധ്യതയുണ്ട്. അന്തരീക്ഷങ്ങൾക്ക് വൈവിധ്യമേറും, കാർ യാത്രയും വിമാനയാത്രയും അവയുടെ കാര്യക്ഷമത എത്ര കേമമായാലും അനുഭവങ്ങളുടെ കാര്യത്തിൽ ദരിദ്രമായിരിക്കും" (p. 104).

'ശ്യാമും അമ്മയുംകൂടി ഞങ്ങളെ അവരുടെ അടുക്കളത്തോട്ടത്തിലേക്ക് കൊണ്ടുപോയിക്കാണിച്ചു. പയർ, വഴുതനങ്ങ, വെണ്ടക്ക, പച്ചമുളക്, കോളിഫ്ലവർ, ക്യാബേജ് എന്നിവ ഒരു തരം. കൂടാതെ പന്തലിട്ട് മുന്തിരി വളർത്തിയിരിക്കുന്നു. നിറയെ മുന്തിരി നിൽക്കുന്നു. എനിക്കെന്തോ ദാ ഇതൊക്കെയാണ് ഉള്ളിൽത്തട്ടുന്നത്. നഗരത്തിലെ അത്ഭുതദൃശ്യങ്ങൾ കണ്ട് കണ്ണ് മഞ്ഞളിക്കാറുണ്ട്. പക്ഷെ ഉള്ളിൽത്തട്ടാൻ എനിക്കെപ്പോഴും മണ്ണുമായി ബന്ധം പുലർത്തുന്ന മണ്ണ് തന്നെ വേണം" (p. 111).

'പഴയ ജീവിതരീതി നോക്കിയാൽ ഞങ്ങൾ അമ്പലവാസി സമുദായങ്ങൾക്ക് കൃഷി അത്യാവശ്യം ആവാം എന്നാണ് വെച്ചിരിക്കുന്നത്. ഞങ്ങളുടെ വീടുകൾ (അമ്പലവാസി ഭവനങ്ങൾ) ക്ഷേത്രങ്ങൾക്ക് തൊട്ടടുത്തായിരിക്കും... അമ്പലങ്ങളെ ചുറ്റിപ്പറ്റിയുള്ള ലളിതമായൊരു ജീവിതരീതി ഇവർക്ക് ജന്മനാ പരിചയമായിരുന്നു... അമ്പലവാസികളുടെ പഴയകാല ജീവിതം പൊതുവെ സംതൃപ്തി നിറഞ്ഞതായിരുന്നു. അമിതാഗ്രഹങ്ങളൊന്നും അവർ വെച്ചുപുലർത്താറില്ല. ക്ഷേത്രങ്ങളിൽനിന്ന് കിട്ടുന്ന ഉണങ്ങലരിച്ചോറും ശർക്കരപ്പായസവും എന്നുമുണ്ടാകും. കൂടാതെ വീട്ടുവളപ്പിൽ അത്യാവശ്യം പച്ചക്കറികൾ കൃഷിചെയ്യും. വർഷക്കാലത്ത് വെണ്ട, വഴുതന, പയർ, മത്തൻ, ചേന മുതലായവും തണുപ്പുകാലത്ത് ചേമ്പ്, കാവുത്ത് എന്നിവയും വേനൽക്കാലത്ത് കയ്പ, പടവലം, വെള്ളരി, കുമ്പളം എന്നിവയും സാധാരണമാണ്... കൃഷിയുടെ ഹരം അതൊന്ന് വേറെത്തന്നെയാണ്. അതിന് സമം അതുമാത്രം. എനിക്ക് ബാല്യത്തിൽ അച്ഛനിൽനിന്ന് കിട്ടിയ ഈ ലയം അമേരിക്കയിലെ ശ്യാമിന്റെ വീട്ടിലെ കൃഷി കണ്ടപ്പോൾ ജീവൻ വെച്ചു" (പു. 111-112).

ഇങ്ങനെ അതിസാങ്കേതികതയുടെ ഉപഭോഗപരിസരങ്ങളിൽനിന്ന്, മണ്ണിന്റെ ജൈവസാക്ഷാൽക്കാരങ്ങളിലേക്ക് പ്രൊഫ. ടി.എൻ. വി. ഇറങ്ങിവരുന്ന നിരവധി സന്ദർഭങ്ങൾ ഈ യാത്രാവിവരണങ്ങളിലുണ്ട്. അമേരിക്കൻ ഐക്യനാടുകളിലെ ഉപഭോഗജീവിതത്തെ പരാമർശിച്ച് പ്രശസ്ത ഉത്തരാധുനിക ചിന്തകൻ ആഷിഷ് നന്ദി ഇങ്ങനെ സൂചിപ്പിക്കുന്നുണ്ട്. "ഉപഭോഗവുമായി ഇത്ര ആഴത്തിൽ താദാത്മ്യം പ്രാപിച്ച മറ്റൊരു രാജ്യമില്ല. ഉപഭോഗാസക്തിക്കെതിരെ കടുത്ത വിമർശനം ഉയർന്നുവന്നതും ഇവിടെനിന്നാണെന്നതും ശ്രദ്ധേയം. ഒരുപക്ഷെ മറ്റൊരു രാജ്യത്തും ഉപഭോഗത്തെ ഇത്ര ചിട്ടയോടെ സ്ഥാപനവൽക്കരിച്ചിട്ടില്ല. ഹോങ്കോങ്ങ്, സിംഗപ്പൂർ, ദുബയ് എന്നീ നഗരരാഷ്ട്രങ്ങൾ ഇതിനുള്ള ശ്രമം നടത്തുന്നുണ്ട്. ഇവിടെയെല്ലാം രാഷ്ട്രീയ സമ്പദ്ഘടന ഉപഭോഗത്തിനുചുറ്റുമാണ് കെട്ടിയുയർത്തിയിരിക്കുന്നത്. എന്നാൽ ആഗോളസംസ്കാരത്തിൽ പ്രത്യാഘാതം സൃഷ്ടിക്കാൻ അമേരിക്കയെപ്പോലെ ഈ നഗരരാഷ്ട്രങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അമേരിക്ക പ്രധാനമായും കുടിയേറ്റക്കാരുടെ സമൂഹമാണെന്നതായിരിക്കാം ഇതിനുള്ള കാരണം. സംസ്കാരങ്ങളിൽനിന്ന് പറിച്ചെറിയപ്പെട്ടവരുടെ സാമൂഹികവും മനഃശാസ്ത്രപരവുമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുകയായിരുന്നു അമേരിക്കയിൽ വളർന്നുവന്ന ഉപഭോഗസംസ്കാരത്തിന്റെ ലക്ഷ്യം. കഴിഞ്ഞ 200 വർഷമായി അമേരിക്കയിൽ നടന്നുപോരുന്ന സമൂഹനിർമ്മാണ പ്രക്രിയയുടെ ഒരു ഉപോൽപ്പന്നമാണ് ഈ ഉപഭോഗസംസ്കാരം. നാടുവിട്ട് പോരുന്ന ആരേയും സ്വീകരിക്കുന്ന ഒരു രണ്ടാം പട്ടണമായി അമേരിക്ക മാറിത്തീരുകയാണുണ്ടായത്. ഉപഭോക്താക്കളുടെ പറുദീസയാണ് ഇന്ന് അമേരിക്ക. ഉപഭോഗത്തിനെതിരെയുള്ള ആശയങ്ങളും ഏറ്റവും കൂടുതൽ ഉപഭോഗം ചെയ്യപ്പെടുന്നതും അമേരിക്കയിലാണ്".

ഉപഭോഗപരതയിലുണ്ടാകുന്ന കുതിച്ചുചാട്ടമാണ് വികസനമെന്നും അത് സാങ്കേതികമേഖലയിലും സാമ്പത്തികമേഖലയിലും വലിയ ചലനമുണ്ടാക്കുമെന്നും പ്രവചിക്കുന്നവരുണ്ട്. എന്നാൽ ഉപഭോഗസംസ്കാരത്തിന്റെ ലക്ഷ്യം ഉപഭോഗം മാത്രമാണെന്ന് നന്ദി ചൂണ്ടിക്കാണിക്കുന്നുണ്ട്. ഉപഭോഗത്തെ ഒരു മൂല്യമാക്കി മാറ്റാൻ മനുഷ്യരെ ഉടച്ചുവാർക്കേണ്ടതുണ്ട്. അതിനാവശ്യമായ സോഷ്യൽ-എൻജിനീയറിങ്ങാണ് നടന്നുകൊണ്ടിരിക്കുന്നത്. ആദ്യമായി മനുഷ്യരെ അവരുടെ ചുറ്റുപാടുകളിൽനിന്ന് പറിച്ചെടുത്ത് അജ്ഞാതവും അർദ്ധ-സമുദായഘടനയുള്ളതുമായ ചില

സമൂഹങ്ങളിലേക്ക് വലിച്ചെറിയണം. അവിടെ കുടുംബത്തേക്കാൾ വിപുലമായ ഒരു ജീവിതം അവർക്ക് ഉണ്ടാകില്ല 'ചിന്തിക്കുന്ന സ്വതന്ത്രമനുഷ്യൻ' എന്ന പഴയ സങ്കൽപ്പത്തെ 'ഉപഭോഗിക്കുന്ന വ്യക്തി' എന്ന് പുനർനിർവചിക്കണം. അയാൾക്ക് പരമാധികാരം നൽകണം. വ്യക്തിയുടെ സ്വാതന്ത്ര്യം എന്നാൽ വിൽകാനും വാങ്ങാനുമുള്ള സ്വാതന്ത്ര്യമെന്ന് പരാമർശിക്കപ്പെടണം. മാനകീകരിക്കപ്പെട്ട ഉൽപ്പാദനത്തിലൂടെയും മാനകീകരിക്കപ്പെട്ട ഉപഭോഗത്തിലൂടെയുമായിരിക്കും ഇത് സാധ്യമാകുക. ' ഡോളറൈസ്ഡ്' ' ചെയ്യപ്പെട്ട വ്യക്തിയും സമ്പത്തുമാണ് ഈ ഉൽപ്പാദന-ഉപഭോഗക്രമങ്ങളുടെ മാനകം. ഇപ്രകാരം ഉടച്ചുവാർക്കപ്പെട്ട വ്യക്തി ഉപഭോഗത്തിലൂടെ മാത്രമാണ് ഒരു സാമൂഹ്യജീവിയായിത്തീരുന്നതും. 'ഞാൻ ചിന്തിക്കുന്നു അതുകൊണ്ട് ഞാനുണ്ട്' എന്നതിനെ 'ഞാൻ വാങ്ങുന്നു അതുകൊണ്ട് ഞാനുണ്ട്' എന്ന് തിരുത്തേണ്ടിവരുന്നു. 'ഉപഭോഗിയായ വ്യക്തി' തന്നെ വലയം ചെയ്തിരിക്കുന്ന അതിഗഹനമായ ശൂന്യത തിരിച്ചറിയുന്നത് പരസ്യങ്ങളിലൂടെയാണ്, ആ ശൂന്യതയെ നിറക്കാനുള്ള മാന്ത്രികസിദ്ധി ചരക്കുകൾക്കുണ്ടെന്നും അയാൾ ഇവയിലൂടെ ധരിക്കുന്നു. അതോടെ ഉപഭോഗം ജീവിതത്തിന് അർത്ഥം നൽകുന്നു'. നന്ദിയുടെ ഈ നിരീക്ഷണമാണ് ഇന്ന് ടൂറിസത്തെ നിർണ്ണയിക്കുന്നത്. ഉപഭോഗക്രമങ്ങളുടെ മാതിരിഭേദങ്ങൾ പരിചയപ്പെടാനാണ് ഇന്ന് ടൂർ പാക്കേജുകൾ സംഘടിപ്പിക്കപ്പെടുന്നത്. ഈ സന്ദർഭത്തിലാണ് പ്രൊഫ. ടി.എൻ.വി.യുടെ യാത്രാവിവരണം വേറിട്ട് നിൽക്കുന്നത്.

അദ്ദേഹം സന്ദർശിക്കുന്നത് ചരിത്രസ്മാരകങ്ങൾ, പ്രകൃതിരമണീയമായ സ്ഥലങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളാണ്. ഓരോ സ്ഥലവും അദ്ദേഹത്തെ പിന്നോട്ട് നടത്തുന്നത് കാണാം. അമേരിക്കയിലിരുന്ന് മുളങ്കുന്നത്തുകാവിനെയും നാട്ടിലെ പൂരപ്പറമ്പുകളെയും ഭാവന ചെയ്യുകയാണ് അദ്ദേഹം ചെയ്യുന്നത്.

"ക്ലീവ്ലാൻഡിൽ വെടിക്കെട്ട് ഉണ്ടെന്ന് കേട്ട് ഞങ്ങൾ കാണാൻ പോയി. സത്യം പറഞ്ഞാൽ എനിക്കിഷ്ടപ്പെട്ടില്ല. നയാഗ്രയിൽവെച്ച് കണ്ട വെടിക്കെട്ട് എനിക്ക് പിടിച്ചില്ല. അമേരിക്കൻ വെടിക്കെട്ട് കൂടുതൽ science-technology oriented ആണ്. കേരളത്തിലെ വെടിക്കെട്ടിന്റെ പേടിപ്പിക്കുന്ന ഗാംഭീര്യം അറിഞ്ഞവരാരും അമേരിക്കൻ വെടിക്കെട്ട് ഇഷ്ടപ്പെടില്ല" (പു. 127).

'ആഫ്രിക്കൻ-അമേരിക്കൻ എന്നു വിളിക്കാറുള്ള കറുത്ത വർഗ്ഗക്കാർ താളത്തിനോട് കാണിക്കുന്ന ആഭിമുഖ്യം ശ്രദ്ധിക്കേണ്ടതാണ്. അവർ തലയാട്ടുന്ന വിധം കണ്ടാൽ മലയാളികൾക്ക് ഇഷ്ടപ്പെടും.

നമ്മൾ പഞ്ചാരിമേളം കേൾക്കുമ്പോൾ ചെയ്യുന്നതുപോലെ ഒരു കഴുത്ത് ചുറ്റലുണ്ട്. അതിന്റെയൊരു ഗ്രെയ്സ് വേറെത്തന്നെ. അതിലൊരു സമ്പ്രദായമുണ്ട്" (പു. 130).

'ഒരു വലിയ താളോപകരണം കുട്ടിനുള്ളിലാക്കി അടച്ചുവെച്ച് അതിന്റെ തലക്കലുള്ള അടപ്പിൻമേൽ കൊട്ടുന്നത് കണ്ടപ്പോൾ എനിക്കോർമ്മ വന്നത് നമ്മുടെ കൂടിയാട്ടത്തിനുപയോഗിക്കുന്ന മിഴാവിനെയാണ്. മറ്റൊരു വസ്തുതകൂടി ഞാൻ ശ്രദ്ധിച്ചു. അതു പറയാം. കേരളത്തിൽ ചെണ്ടയിൽ കോലുകൊണ്ട് ഉരുട്ടിക്കൊട്ടാറുണ്ട്. കോൽ ഉരുട്ടിയാൽ ചെറിയ ശ്രമം കൊണ്ട് അതിവേഗത്തിൽ കൊട്ടാൻ പറ്റും. നമ്മുടെ തായമ്പക ഉദാഹരണമാണ്. കോലുപയോഗിക്കാത്ത തിമില, മദ്ദളം എന്നീ കേരളീയ വാദ്യോപകരണങ്ങളിൽ കൈകൊണ്ട് കുഴമറിഞ്ഞ് കൊട്ടിയാലും കോൽ ഉരുട്ടുന്ന ഫലം കിട്ടും. കർണ്ണാടക സംഗീതത്തിൽ മൃദംഗം, ഘടം എന്നിവ കൊട്ടുമ്പോഴും ഹിന്ദുസ്ഥാനി സംഗീതത്തിൽ തബല, പക്കവാജ് എന്നിവ കൊട്ടുമ്പോഴും ഈ കുഴമറിഞ്ഞുള്ള കൊട്ടൽ സാധാരണയാണ്. പാശ്ചാത്യ താളോപകരണങ്ങൾ കൊട്ടുമ്പോൾ അവർക്ക് ഈ സങ്കേതം പരിചിതമല്ലായെന്നപോലെ തോന്നും" (പു. 131).

'കേരളീയർക്ക് ചിരപരിചിതമായ ചില ചെടികൾ ക്ലീവ്ലാൻഡിലും ബീച്ച് വുഡിലും കണ്ടപ്പോൾ കൗതുകം തോന്നി. അവയിൽ ചിലതാണ് ചെമ്പരത്തി, കാശിത്തുമ്പ, ശംഖുപുഷ്പം, ചുണ്ടമല്ലി എന്നിവ. കാശിത്തുമ്പ പല നിറത്തിലും കാണാം. വെള്ള, പിങ്ക്, ചുവപ്പ് നിറങ്ങളിൽ. പിന്നെ കർപ്പൂരത്തുളസി, മുയൽച്ചെവി എന്നിവയും തൃശ്ശൂരിനടുത്തുള്ള ഗ്രാമങ്ങളിൽ ഓണപ്പൂക്കളിടാൻ പാകത്തിലുള്ള ഒരു പൂവ് കാണാറുണ്ട്. അതിന് അവിടങ്ങളിൽ ഓണപ്പൂവ് എന്നാണ് പറയാറ്. ഇതിന് വള്ളുവനാട്ടിലെ കണ്ണാന്തളിപ്പൂവിന്റെ സാമ്യമുള്ളതായി ഓർമ്മ തോന്നുന്നു" (പു. 147).

ഉദാഹരണങ്ങൾ ഇനിയും വേണ്ടുവോളമുണ്ട്. ക്ലീവ്ലാൻഡിലെ സൂപ്പർമാർക്കറ്റുകളും മാളുകളും ഈ സഞ്ചാരിക്ക് പെട്ടെന്ന് മടുക്കുന്നു. യാന്ത്രികതയുടെ അതിപ്രസരം അദ്ദേഹത്തെ ശ്വാസം മുട്ടിക്കുന്നു. ഏകാന്തമായ സഞ്ചാരങ്ങളും പുൽമേടുകളും കാടുകളും ഈ യാത്രികനിൽ ലഹരി നിറക്കുന്നു. കുടുംബാംഗങ്ങളെക്കുറിച്ച് അദ്ദേഹം പലയിടങ്ങളിലും സൂചിപ്പിക്കുന്നുണ്ടെങ്കിലും അവരാരും ഈ ആഖ്യാനത്തിൽ ഇടപെടുന്നില്ല. അവരുടെ അഭിപ്രായങ്ങളോ നിരീക്ഷണങ്ങളോ സംഭാഷണങ്ങളോ ഇല്ല. ദീർഘനേരത്തെ ഏകാന്തസഞ്ചാരത്തിനൊടുവിൽ ഒരു മുറിയൽ അടച്ചിരുന്ന് വായിക്കാനിടയുള്ള

ഏകാകിയായ ഒരു മലയാളിയോട് 'വർത്തമാനം പറയുന്ന മട്ടിൽ' എഴുതിയ അനാർഭാടമായ കുറിപ്പുകളാണ് ഈ യാത്രാവിവരണത്തിന്റെ ഉള്ളടക്കം. ഇതിൽ മനുഷ്യർ കഥാപാത്രങ്ങളായി വരുന്നില്ല. പൂക്കളും പൂമ്പാറ്റകളും അണ്ണാറക്കണ്ണന്മാരും മാൻകൂട്ടങ്ങളും ഇലച്ചാർത്തുകളും ഋതുക്കളും നിലാവും തടാകങ്ങളും ചതുപ്പുകളും സമൃദ്ധമായി നിറയുന്നു. പ്രകൃതിയുടെ നിശബ്ദ ചാരുതയിൽ ധ്യാനനിലീനമായ ഒരു നിൽപ്പ്.

എന്നാൽ ഇതിൽ ഇടക്കിടെ കടന്നുവരുന്ന ഒരു കാൽപ്പെരുമാറ്റമുണ്ട്. അത് ഗ്രന്ഥകർത്താവിന്റെ അച്ഛന്റേതാണ്. കുട്ടിക്കാലത്ത് മുളങ്കുന്നത്തുകാവിൽനിന്ന് മണിക്കൂറുകളോളം അച്ഛനോടൊപ്പം നടന്ന് വിദൂരഗ്രാമങ്ങളിലെത്തി തീയ്യാട്ടുനടത്തി മടങ്ങിപ്പോരുന്നതിന്റെ ചിത്രമാണ് ഈ യാത്രാവിവരണത്തിലെ ദീപ്തമായ ഒന്ന്. പാടവരമ്പിലൂടെയും നിഴൽ പരന്ന വഴികളിലൂടെയും റാന്തൽ വെളിച്ചത്തിലുള്ള ആ നടത്തം പ്രൊഫ. ടി.എൻ.വി.യെ പഠിപ്പിച്ചത് ജീവിതത്തിന്റെ മഹാരഹസ്യങ്ങളാണ്. പിന്നീട് ചെന്നുചേർന്ന സ്ഥലകാലങ്ങളിലെല്ലാം അദ്ദേഹം ഇതേ രഹസ്യത്തിന്റെ താക്കോലാണ് തിരഞ്ഞുകൊണ്ടിരിക്കുന്നത്. ബീച്ച് വുഡ് ഗ്രാമത്തിലെ ദീർഘസഞ്ചാരത്തിലും അച്ഛന്റെ കാൽപ്പെരുമാറ്റം അദ്ദേഹത്തെ പിന്തുടർന്നെത്തി. കാലത്തിന്റെ പ്രലോഭനങ്ങളിൽനിന്നും മൽസരങ്ങളിൽനിന്നും അമിതാവേശങ്ങളിൽനിന്നും തെന്നിമാറാൻ അദ്ദേഹത്തിന് തുണയായത് അച്ഛന്റെ കാൽപ്പെരുമാറ്റം തന്നെയായിരിക്കണം.

"അച്ഛനിൽനിന്ന് എനിക്ക് പകർന്നുകിട്ടിയ രണ്ട് ശീലങ്ങളാണ് കൃഷിപ്പണിയും നീണ്ട നടത്തങ്ങളും. ഞങ്ങൾ തീയ്യാടി നമ്പ്യാന്മാരുടെ കുലപ്രവൃത്തി അയ്യപ്പന്റെ തീയ്യാട്ടുകഴിക്കലാണ്. പാരമ്പര്യമുറക്ക് അയ്യപ്പക്ഷേത്രങ്ങളിലും നമ്പൂതിരി ഇല്ലങ്ങളിലുമാണ് അധികവും തീയാട്ട് നടത്തിവരുന്നത്. എന്റെ കുട്ടിക്കാലത്ത് മുളങ്കുന്നത്തുകാവിൽനിന്ന് എട്ടു കിലോമീറ്ററോളം അകലെയുള്ള പുതുരുത്തിയിലെ പച്ചിക്കാട്ട് മനയ്ക്കലും തെക്കേടത്ത് മനയ്ക്കലും തീയ്യാട്ട് പതിവുണ്ട്. വേനൽക്കാല രാത്രികളിലാണ് തീയ്യാട്ട് അധികവും ഉണ്ടാവുക. അച്ഛനും ഞാനും കാലത്ത് മുളങ്കുന്നത്തുകാവിൽനിന്ന് പുതുരുത്തിയിലേക്ക് പുറപ്പെടും. അന്ന് ഇന്നത്തെ മാതിരി ബസ്സൊന്നും ഉണ്ടായിരുന്നില്ല. ഞങ്ങൾ ഒരു മൂന്ന് മണിക്കൂർ സമയംകൊണ്ട് പുതുരുത്തിയിലെത്തും. രാത്രി 11 മണിക്ക് തീയ്യാട്ടു കഴിഞ്ഞുള്ള മടക്കയാത്രയാണ് കൂടുതൽ രസം. അച്ഛനും ഞാനും മാത്രം. ചിലപ്പോൾ കുറച്ചുദൂരത്തേക്ക് ചെണ്ട കൊട്ടുന്ന മാരാരും കൂടെയുണ്ടാകും. ഒരു കമ്പിറാന്തലിന്റെ

വെളിച്ചത്തിലാണ് യാത്ര. തീയ്യാട്ടിന്റെ അനുഭവങ്ങളായ നെല്ല്, അരി, നാളികേരം, എണ്ണ എന്നിവ കയ്യിലെടുത്താണ് നട്ടപ്പാതിരക്കുള്ള നടത്തം. രാത്രി 2 മണിക്ക് ഞങ്ങൾ വീട്ടിൽ തിരിച്ചെത്തും. അന്നെനിക്ക് പ്രേതങ്ങളെ ഭയങ്കര പേടിയായിരുന്നു... ഞാൻ അച്ഛന് മുന്നിലാണ് നടക്കുക... പ്രേതങ്ങൾ പിന്നിൽനിന്നാണ് ഉപദ്രവിക്കുക... അച്ഛൻ പിന്നിലുണ്ടല്ലോ... അപ്പോൾ പ്രേതപ്പേടി വേണ്ട. വേനൽക്കാല രാത്രികളിൽ നടക്കുമ്പോൾ കട്ടവിണ്ട പാടത്തിന്റേയും കശുമാവിൻ തോപ്പിന്റേയും മണം വരും. വേനലിന്റെ അവ്യക്തമായ മറ്റ് മണങ്ങളും തോന്നാറുണ്ട്... പ്രേതങ്ങളെപ്പേടിച്ചുള്ള പാതിരാനടത്തങ്ങൾ ഇന്നാലോചിക്കുമ്പോൾ ഒരു midsummer night's dream പോലെ തോന്നുന്നു" (പു. 133).

ആമിഷ് ജനവിഭാഗത്തെക്കാണുമ്പോൾ താൻ പുറപ്പെട്ടുപോന്ന പാരമ്പര്യത്തിന്റെ ഉറവകളിലേക്കുള്ള പുനഃസന്ദർശനമായി ഗ്രന്ഥകർത്താവിന് തോന്നുന്നു. "ആധുനിക പരിഷ്കാരത്തിന്റെ പറുദീസയായ അമേരിക്കയിൽ വൈദ്യുതിയും ഫോണും കാറുമെന്നും ഉപയോഗിക്കാതെ ജീവിക്കുന്ന ഒരു ജനവിഭാഗമുണ്ട്. ആമിഷ് ജനത എന്ന് ഇവർക്ക് പേർ. ഇല്ലായ്മ കൊണ്ടല്ല അവർ ഇതൊക്കെ വേണ്ടെന്ന് വെച്ചത്... സ്വമേധയാ ആധുനിക സൗകര്യങ്ങളെ പരിത്യജിച്ച് അവക്ക് പുറം തിരിഞ്ഞുനിൽക്കുന്ന ഇവർ ഒരു പ്രത്യേക മതവിഭാഗം കൂടിയാണ്" (പുറം 118). കഠിനാധ്വാനികളും പ്രകൃതിയോടിണങ്ങി ജീവിക്കുന്നവരുമാണ് ആമിഷ് ജനവിഭാഗം. ഗാന്ധിയുടെ സർവോദയമാണ് ഈ സന്ദർഭത്തിൽ ഗ്രന്ഥകർത്താവിന്റെ സ്മൃതിപഥത്തിലേക്ക് വരുന്നത്. 'ആധുനിക നാഗരിക ജീവിതത്തിന്റെ കുത്തൊഴുക്കിൽ നിസ്സഹായരായി ഒഴുകിക്കൊണ്ടിരിക്കുന്ന നമ്മളിൽ ചിലരെങ്കിലും പ്രശാന്തിയും ഏകാന്തതയും പ്രകൃതിയും അനന്തതയും ഇഷ്ടപ്പെടുന്നവരാണ്'. അവരെയാണ് ആമിഷ് ദർശനം പിടിച്ചുകുക എന്ന് പ്രൊഫ. ടി.എൻ.വി. സൂചിപ്പിക്കുന്നു. ഇന്ത്യൻ മലമുടികളിലെ ബുദ്ധവിഹാരങ്ങളിലും ശങ്കരാചാര്യാശ്രമങ്ങളിലും താമസിക്കുന്ന അന്തേവാസികളിൽ കാണുന്ന ശാന്തിയാണ് അദ്ദേഹം ആമിഷ് ജനങ്ങളിൽ ദർശിച്ചത്.

മുതലാളിത്തം കമ്പോളങ്ങളിലൂടെയും ചരക്കുകളിലൂടെയും ഏകലോകം സൃഷ്ടിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ സംഗീതം, സാഹിത്യം, സൗന്ദര്യം, ആത്മീയത എന്നിവയിലൂടെ ഭൂഖണ്ഡങ്ങളെ ചേർത്തുവരക്കാനാണ് ഈ സഞ്ചാരി ആഗ്രഹിക്കുന്നത്. അദ്ദേഹത്തിന്റെ അമേരിക്കൻ ലാന്റ്സ്കേപ്പിന്റെ പശ്ചാത്തലം

ചാരുകേശിയാണ്. ഒറീസയിലെ ഉൾഗ്രാമങ്ങളിൽനിന്ന് മഹാരാഷ്ട്ര-തമിഴ്നാട് വഴി തന്റെ മുളങ്കുന്നത്ത് കാവിലെത്തിയ അഷ്ടപദിയെക്കുറിച്ച് പറയുമ്പോഴും ആമിഷ് ജനതയുടെ ശാന്തിപരത്തുന്ന സംഘജീവിതത്തിന് സാക്ഷിയാകുമ്പോഴും ദേശീയതയുടെ അതിരുകൾ മാഞ്ഞ് വിശ്വമാനവലോകം ചിറകുവിരിക്കുന്നത് നാം കാണുന്നു. 'When the world makes a home in a single nest' (ഏക നീഡം ജഗത്യേവം) എന്ന ടാഗോറിന്റെ സങ്കല്പം ഈ പുസ്തകത്തിന്റെ അന്തർധാരയാണ്. ലോക കമ്പോളത്തെ പക്ഷിക്കൂട്ടുകൊണ്ട് പകരം വെക്കുന്ന എതിർഭാവനയാണ് ഈ പുസ്തകത്തിന്റെ സൗന്ദര്യം.

ഇത്രയും പറഞ്ഞതിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. യാത്രാവിവരണം എന്നത് യാത്രയിൽക്കണ്ട ഒരു ദേശത്തിന്റെ വിവരണമല്ല. സ്ഥലകാലവിവരണങ്ങൾ ആഖ്യാനത്തിനുള്ള ഒരു മുഖാവരണം മാത്രമാണ്. അത് നീക്കിയാൽ നാം കാണുന്നത് യാത്രചെയ്തയാളുടെ മുഖമാണ്. ആത്മാവും അപരവും തമ്മിലുള്ള മുഖാമുഖത്തിന്റെ വിവരണം മാത്രമാണത്. ആത്മകഥയിൽനിന്ന് സഞ്ചാരസാഹിത്യത്തിലേക്കുള്ള ദൂരം ഏറെ കുറവാണ്. ഈ യാത്രാവിവരണത്തിൽ നാം കാണുന്നത് പ്രൊഫ. ടി.എൻ.വി. എന്ന സഞ്ചാരിയെയാണ്. അദ്ദേഹത്തിന്റെ മനോഭാവങ്ങളും അഭിരുചികളുമാണ്. അതായത് യാത്രാവിവരണത്തിന് നാം കരുതുന്നതുപോലുള്ള വസ്തുനിഷ്ഠതയില്ല. അത് 'ആത്മ'(Self)ത്തിന്റെ എഴുത്താണ്. നടക്കുന്ന വഴിയും കാണുന്ന പ്രകൃതിയും ഇവിടെ കണ്ണാടികളാണ്. ഈ കണ്ണാടികൾ യാത്രികന്റെ മുഖമാണ് നിഴലിപ്പിക്കുന്നത്.

1936-ൽ കോച്ചാട്ടിൽ കല്യാണിക്കുട്ടിയമ്മ (മിസ്സിസ് കുട്ടൻനായർ) എഴുതിയ 'ഞാൻ കണ്ട യൂറോപ്പ്' എന്ന യാത്രാവിവരണത്തെ പരിഹസിച്ചുകൊണ്ട് ഇതിന്റെ തലക്കെട്ട് 'എന്നെ കണ്ട യൂറോപ്പ്' എന്നാക്കണ'മെന്ന് സഞ്ജയൻ പരിഹസിച്ചതായി പരാമർശിച്ചുകണ്ടിട്ടുണ്ട്. യാത്രാവിവരണത്തെക്കുറിച്ചുള്ള പുതിയ ധാരണകൾ രൂപപ്പെട്ട് വരുന്ന ഇക്കാലത്ത് സഞ്ജയന്റെ പരിഹാസത്തിൽ കഴമ്പില്ലെന്ന് കാണാം. യാത്രാവിവരണം എന്നത് സ്ഥലങ്ങളുടേയും സംസ്കാരത്തിന്റേയും 'വസ്തുനിഷ്ഠ' വിവരണമായിരുന്നു എങ്കിൽ എന്തിനാണ് ഇത്രയധികം യാത്രാവിവരണങ്ങൾ?

ആദ്യകാലത്ത് മലയാളത്തിലുണ്ടായ യാത്രാവിവരണങ്ങളിൽനിന്ന് പുതുകാല രചനകൾ എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് നോക്കുക രസകരമാണ്. 'നമ്മളൊക്കെ ഗ്രാമീണരും അപരിഷ്കൃതരും, യൂറോപ്യന്മാർ നമ്മളേക്കാൾ ബഹുകേമന്മാർ'

എന്ന മട്ടിലുള്ള യാത്രാവിവരണങ്ങളാണ് 19-20 നൂറ്റാണ്ടുകളിൽ മലയാളത്തിലുണ്ടായവയിലേറേയും. "മിസ്റ്റർ മാധവൻ, മനസ്സിന് സുഖമില്ലെങ്കിൽ എവിടേക്കെങ്കിലും യാത്ര പോകുന്നതാണ് നല്ലത്. കഴിയുമെങ്കിൽ യൂറോപ്പിലേക്കാണ് പോകേണ്ടത്" എന്നാണല്ലോ ഇന്ദുലേഖയിലെ മാധവന് സായ്പ് നൽകുന്ന ഉപദേശം. കൊളോണിയൽ സാമന്തന്റെ ഈ 'ഓറിയന്റലിസ്റ്റ്' കാഴ്ചകളാണ് ആദ്യകാല യാത്രാവിവരണങ്ങളിൽ സാമാന്യമായി കാണുന്നത്. 1916-ൽ കെ.പി. കേശവമേനോൻ പ്രസിദ്ധീകരിച്ച 'ബിലാത്തി വിശേഷ'ങ്ങളിൽ യുദ്ധവും അത് ഇംഗ്ലണ്ടിലുണ്ടാക്കിയ പ്രതിസന്ധികളും ഇംഗ്ലണ്ടിലെ നഗരങ്ങളുമൊക്കെയാണ് വിവരിക്കപ്പെടുന്നത്. 1927-ൽ മന്നത്ത് പദ്മനാഭൻ പ്രസിദ്ധീകരിച്ച 'ഞങ്ങളുടെ എഫ്.എം.എസ്. യാത്ര' എന്ന കൃതി എൻ.എസ്.എസിന്റെ ധനശേഖരണാർത്ഥം മലേഷ്യയിലേക്ക് നടത്തിയ യാത്രയുടെ വിവരണമാണ്. ഈ കൃതിയിൽ യാത്രാനുഭവങ്ങൾ വിവരിക്കുന്നതിനേക്കാൾ തനിക്ക് നൽകാനുള്ള ഉപദേശങ്ങളാണ് മന്നം ഉൾക്കൊള്ളിച്ചിരിക്കുന്നത്. 1949ൽ ഇ.എ. വർഗ്ഗീസ് എഴുതിയ 'ഞാൻ കണ്ട അമേരിക്ക' എന്ന കൃതി അമേരിക്കയെ നവലോകത്തിന്റെ വാഗ്ദാനമായി വാഴ്ത്തുന്നുണ്ട്. റോക്-ഫെല്ലറിന്റേയും ഹോളിവുഡിന്റെയും ഇടമായതുകൊണ്ടാണ് വർഗ്ഗീസ് ഇപ്രകാരം ഘോഷിക്കുന്നത്. പ്രൊഫ. ടി.എൻ.വി.യെപ്പോലെ അമേരിക്കൻ പാതകളിലെ മുക്കുറ്റിപ്പൂക്കളെ അന്വേഷിക്കുകയല്ല, അവിടുത്തെ യന്ത്രജീവിതത്തിൽ സ്വയം മറക്കുകയാണ് വർഗ്ഗീസ് ചെയ്യുന്നത്. പ്രോഫ. ടി.എൻ.വി. ഓറിയന്റലിസ്റ്റ് കണ്ണട അഴിച്ചുമാറ്റി ഗാന്ധിയൻ കണ്ണട അണിയുകയാണ് ചെയ്യുന്നത്. അതിലൂടെ കാണുന്ന അമേരിക്കൻ കാഴ്ച വ്യത്യസ്തമാണ്.

കോളനിയനന്തരകാലത്ത് ഇന്ത്യൻ യാത്രികന് തന്റെ കാഴ്ചയിൽ ചില തിരുത്തുകൾ വരുത്താനുണ്ട്. പ്രോഫ. ടി.എൻ.വിയുടെത് ഈ തിരുത്തുകളോടുകൂടിയ കാഴ്ചയാണ്. ബഹുസംസ്കൃതികളെ ഒരുമിച്ച് കാണുന്നതിന്റെ സന്തോഷം അതിലുണ്ട്. സംസ്കാരത്തിന്റെ ശ്രേണിബദ്ധതയെ അത് നിരാകരിക്കുന്നു. പല ഭാഷകളും വേഷങ്ങളും സമ്പ്രദായങ്ങളും കൂടിക്കലരുന്ന ഒരു കാലിഡോസ്കോപ്പിക് ദർശനത്തെയാണ് അത് കാംക്ഷിക്കുന്നത്. ഒന്ന് മറ്റൊന്നിനുമേൽ അധീശത്വം പുലർത്തുന്നതിനെ അത് റദ്ദ് ചെയ്യുന്നു.

യാത്രാവിവരണം സാമാന്യമായി പുരുഷന്റെ കലയായാണ് ഇതുവരെയും കൊണ്ടാടപ്പെട്ടിരുന്നത്. യാത്ര ചെയ്യാനും തുറിച്ചുനോക്കാനും അർഹതയുള്ളവർ പുരുഷന്മാരായിരുന്നുവല്ലോ. എന്നാൽ

യാത്രാവിവരണങ്ങളിലെ വംശീയ നോട്ടങ്ങളെന്നപോലെ ലൈംഗിക നോട്ടങ്ങളും ഇന്ന് പ്രതിക്കൂട്ടിൽ നിർത്തപ്പെടുന്നു. സ്ത്രീകൾ യാത്ര ചെയ്യാൻ തുടങ്ങിയതോടെ ലോകം മറ്റൊരുതരത്തിൽ നമുക്കുമുന്നിൽ നിവർത്തിയിടപ്പെട്ടിരിക്കുന്നു. പ്രൊഫ. ടി.എൻ.വി.യുടെ എഴുത്തിൽ ഒരിടത്തും സ്വാഭാവികമായ തുറിച്ചുനോട്ടമില്ല. അദ്ദേഹം വസ്തുക്കളേയും വ്യക്തികളേയും പ്രകൃതങ്ങളേയും വേറിട്ട് കണ്ടെടുക്കാൻ ശ്രമിക്കുന്നില്ല. അതുകൊണ്ടുതന്നെ പശ്ചാത്തലത്തിൽനിന്ന് ഒന്നിനെ പറിച്ചെടുക്കുന്ന നോട്ടം അദ്ദേഹത്തിനാവശ്യമില്ല. മറിച്ച് പശ്ചാത്തലങ്ങളെയാണ് അദ്ദേഹം കണ്ടെടുക്കുന്നത്. അകലെനിന്ന് നോക്കുമ്പോൾ കാണുന്ന ലാന്റ്സ്കേപ്പുകളിലാണ് അദ്ദേഹത്തിന് പ്രിയം. കഴിവതും തലതാഴ്ത്തി തന്റെ കാൽച്ചുവട്ടിലെ പുല്ലിലേക്കും പുൽച്ചാടിയിലേക്കുമാണ് അദ്ദേഹത്തിന്റെ നോട്ടം പാറിവീഴുന്നത്. അതാരെയും നോവിക്കുന്നില്ല. മരങ്ങളിൽനിന്ന് ഇലപൊഴിയുന്നതുപോലെ അദ്ദേഹത്തിന്റെ നോട്ടം പൊഴിഞ്ഞുവീഴുകയാണ് ചെയ്യുന്നത്. അതൊടുവിൽ പതിയുന്നത് തന്നിലേക്ക് തന്നെയാണ്. ആദ്യകാല യാത്രവിവരണങ്ങളിലെ ഹിംസാത്മകമായ നോട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോഴാണ് ഇതിന്റെ സൗന്ദര്യവും രാഷ്ട്രീയമായ ശരികളും കൂടുതൽ ബോധ്യപ്പെടുക.

പുസ്തകത്തെക്കുറിച്ചുള്ള വിചാരങ്ങൾ തൽക്കാലം അവസാനിപ്പിക്കുകയാണ്. എന്നെ സംബന്ധിച്ച് ഈ പുസ്തകം വാസുദേവൻ മാഷിലേക്കുള്ള ഒരു യാത്രയായിരുന്നു. 1991-93 കാലത്താണ് അദ്ദേഹവുമായി ആഴത്തിലുള്ള ബന്ധം സൂക്ഷിച്ചത്. ശാസ്ത്ര വിദ്യാർത്ഥിയായിരുന്ന എന്നെ സാഹിത്യപഠനത്തിന് നിർബന്ധിച്ചതും കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ എം.എക്ക് ചേർത്തതും മാഷായിരുന്നു. അക്കാലത്ത് ഏറെക്കുറെ എല്ലാ വൈകുന്നേരങ്ങളിലും മാഷുടെ കോർട്ടേഴ്സിലെത്തുക പതിവായിരുന്നു. സാഹിത്യവും സംഗീതവും മാത്രമായിരുന്നു സംസാരവിഷയം. പലതും എനിക്ക് ദഹിക്കാത്ത കാര്യങ്ങളായിരുന്നു. എങ്കിലും രസിച്ചിരുന്ന് കേൾക്കും. ഒടുവിൽ ഒലിപ്രംകടവിലേക്കുള്ള അവസാന ബസ്സ് കയറ്റിവിടാൻ ലേഡീസ് ഹോസ്റ്റലിനപ്പുറമുള്ള സ്റ്റോപ്പിലേക്ക് മാഷും വരും. പല ദിവസങ്ങളിലും ബസ്സ് പറ്റിക്കും. അപ്പോൾ മാഷ്ക്ക് ഉത്സാഹം കൂടും. 'എന്നാൽ നടക്കാം. കുറേ ദൂരം ഞാനും കൂടാം'. പിന്നെ മഷോടൊപ്പം ഒലിപ്രം റോഡിലൂടെ പടിഞ്ഞാറോട്ട് ഒരു നടത്തമാണ്. ഏതാണ്ട് മുക്കാൽ ഭാഗത്തോളം മാഷും കൂടെ വരും. പിന്നെ ഞങ്ങൾ വഴിപിരിയും. മാഷ് തിരിച്ചുനടക്കും. ആ നടത്തത്തിനിടയിൽ മാഷ്

ആവർത്തിച്ച് പറഞ്ഞ പലതും ഈ യാത്രാവിവരണത്തിലുണ്ട്. ഞങ്ങളുടെ സംഗമങ്ങൾക്കും യാത്രകൾക്കും ഒരു 'സെൻ' സ്പർശമുള്ളതായി അക്കാലത്ത് എനിക്ക് തോന്നിയിട്ടുണ്ട്. അതേ ഊഷ്മളതയോടെ ആ ബന്ധം നിലനിർത്താൻ എനിക്ക് സാധിച്ചില്ല. ഗവേഷണം, തൊഴിൽ, പരദേശവാസം എല്ലാം ഓരോ കാരണങ്ങളായി. അക്കാലത്ത് ഫോൺ നിത്യജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞിരുന്നുമില്ല. പിന്നെ മാഷുടെ ജീവിതത്തിലും അപരിഹാര്യമായ ചില വേദനകൾ കടന്നുവന്നു. മുളങ്കുന്നത്ത് കാവിലേക്ക് അദ്ദേഹം താമസം മാറ്റി. ഇടക്ക് ഹൃദ്രോഗം കീഴ്പ്പെടുത്താൻ നോക്കിയെങ്കിലും അദ്ദേഹം വഴങ്ങിയില്ല. പൈതൃകമായി കിട്ടിയ മണ്ണിനോടുള്ള മമത ഒരിക്കലും കയ്യൊഴിഞ്ഞില്ല. ഒടുവിൽ മണ്ണിൽ കിളച്ചുകൊണ്ടിരിക്കുമ്പോൾ ശാസ്ത്രജ്ഞനും കലാകാരനുമായ ആ പൂർണ്ണ മനുഷ്യൻ ജീവിതത്തിന്റെ സൗന്ദര്യത്തിലേക്ക് സ്വയം അലിഞ്ഞില്ലാതായി.

*'പൂർണമദ പൂർണമിദം, പൂർണാദ്*
*പൂർണമുദച്യതേ, പൂർണസ്യ*
*പൂർണമാദായ പൂർണമേവാവശിഷ്യതേ'*

---

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ എഴുത്തച്ഛൻ പഠന സ്കൂളിൽ പ്രൊഫസറും ഡയറക്ടറുമാണ് ലേഖകൻ. നിരൂപകനും സാംസ്കാരിക വിമർശകനുമാണ്. *പാന്ഥരും വഴിയമ്പലങ്ങളും, മുല്ല പൂക്കുന്ന കൽക്കരി വണ്ടികൾ, കാലത്തിന്റെ ആകാശഗോപുരങ്ങൾ* എന്നിവയാണ് കൃതികൾ.